# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1498**

**22-03-2013 ൽ മറുപടിയ്ക്ക്**

## നെൽകൃഷിയിലെ വർദ്ധനവ്

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.പികെ.ബഷീർ | | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം നെൽകൃഷിയിൽ എത്ര ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | 2011-2012 വർഷം നെൽക്കൃഷി ഉല്പാദനത്തിൽ 8.85% വർദ്ധനവും ഉല്പാദനക്ഷമതയിൽ 11.46% വർദ്ധനവും ഉണ്ടായിട്ടുണ്ട്. 2011-2012 ൽ നെൽക്കൃഷി വിസ്തീർണ്ണം 208160 ഹെക്ടറും ഉല്പാദനം 568993 മെട്രിക് ടണ്ണും ആയിരുന്നു. 2012- 2013 ൽ ഉല്പാദനക്ഷമത 2452 കിലോഗ്രാം/ ഹെക്ടറാണ്. |
| (ബി) | നെൽകൃഷിയും കരനെൽകൃഷിയും മറ്റു കൃഷികളും പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (ബി) | നെൽക്കൃഷി വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. സുസ്ഥിര നെൽക്കൃഷി, തരിശുനെൽക്കൃഷി ഉല്പാദനക്ഷമത കൈവരിക്കുന്നതിനുള്ള പദ്ധതി നെൽക്കൃഷി വികസന ഏജൻസികൾ ക്കുള്ള സഹായം, ആർ.കെ.വി.വൈ നെൽകൃഷി ഉല്പാദനം വർദ്ധിപ്പിക്കൽ, ആർ.കെ.വി.വൈ തരിശുകൃഷി വ്യാപിപ്പിക്കൽ, കുട്ടനാട് പാക്കേജ് നെൽക്കൃഷി, തരിശുനിലക്കൃഷി, ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, നെൽക്കൃഷി ക്കുള്ള ഉല്പാദന ബോണസ്, നെല്ലു സംഭരണം, എം.എം.എ നെൽക്കൃഷി വികസനം എന്നീ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.<br>കരനെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 3334 ഹെക്ടർ സ്ഥലത്ത് 250 ലക്ഷം രൂപ വകയിരുത്തി കരനെൽകൃഷി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ